# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2530 05/11/2019-ൽ മറുപടിക്ക്

### മുണ്ടക്കുളത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**ശ്രീ.ടി. വി. ഇബ്രാഹിം** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ മുണ്ടക്കുളത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടും ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | 24.02.2016 - ലെ ബോർഡ് ഉത്തരവു പ്രകാരം, പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനായിരുന്നു ബോർഡ് തീരുമാനം.<br>എന്നാൽ മുണ്ടക്കുളം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനു മുതുവല്ലൂർ പഞ്ചായത്ത് കണ്ടെത്തിയ സാംസ്കാരിക കേന്ദ്രം, മുതുവല്ലൂർ പഞ്ചായത്ത് സെക്രട്ടറി വാടകരഹിതം എന്ന് ആദ്യം പറഞ്ഞുവെങ്കിലും, പിന്നീട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/1/2017 തീയതിയിലെ ഉത്തരവ് പ്രകാരം പൊതുമരാമത്ത് നിശ്ചയിച്ചിരിക്കുന്ന വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 8 മാസത്തേക്ക് മാത്രമേ നല്കുന്നതിന് അനുവാദം ലഭിച്ചിരുന്നുള്ളൂ.<br>സെക്ഷൻ ഓഫീസ് പ്രവർത്തിക്കാൻ അനുയോജ്യമായ വാടകരഹിത കെട്ടിടമോ, കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് സൗജന്യ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ മുണ്ടക്കുളത്തു കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ |
| (ബി) | പ്രസ്തുത ഓഫീസിന് വേണ്ടി മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക കേന്ദ്രം വിട്ടുനൽകാൻ തയ്യാറായി വൈദ്യുതി വകുപ്പിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | |
| (സി) | എങ്കിൽ മുണ്ടക്കുളത്ത് സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ഇനി എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ